## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 545** **30-01-2024 - ൽ മറുപടിയ്ക്ക്**

### കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച്, കിലയെ നിർവഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് , എസ്.പി.വി യായ കില മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഒരു കോടി രൂപയുടെ പദ്ധതികളായ ജി.യു.പി.എസ് എടത്തറ, ജി.യു.പി.എസ്. കരിമ്പ എന്നി പദ്ധതികൾ പൂർത്തികരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.<br>മൂന്ന് കോടി രൂപയുടെ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കണ്ടാലും.<br><br>1. ജി.യു.പി.എസ് കോങ്ങോട് - പ്രവൃത്തി പുരോഗമിക്കുന്നു.<br><br>2. ജി എച്ച് എസ് പൊട്ടശ്ശേരി - 24.01.2024 ന കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. ഉടൻ പ്രവ്യത്തി ആരംഭിക്കുന്നതാ ണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>3. ജിഎച്ച്എസ് കരിമ്പ - സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസം ആദ്യം തന്നെ നടപടിക്രമങ്ങൾ പൂർത്തികരിച്ച് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>4. ജി എച്ച് എച്ച് എസ് മങ്കര - കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസം തന്നെ സാങ്കേതികാനുമതി നല്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനു കിഫ്ബി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ? | (ബി) | കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കിലയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന എല്ലാ സ്കൂൾ പദ്ധതികൾക്കും |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ നിന്നും ധനാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കിഫ്ബി യഥാസമയം പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ